15. കുട്ടനാടിന്റെ സമഗ്രവികസനം ലക്ഷ്യമിട്ടുകൊണ്ട് ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിൽപ്പെട്ട 33000 ഹെക്ടർ വരുന്ന പാടശേഖരങ്ങളുടെ വികസനത്തിനായി നബാർഡിന്റെ ധന സഹായത്തോടെ ഒരു ബൃഹദ്പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

(ബി) സർക്കാർ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ ഫലമായി നെല്ലിന്റെ ഉൽപാദനത്തിൽ വർദ്ധനവ് ഉണ്ടായിട്ടില്ലെങ്കിലും ഉല്പാദനക്ഷമത വർദ്ധിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. 1957-ൽ ഉല്പാദനക്ഷമത ഹെക്ടറിന് 1164 കി.ഗ്രാം ആയിരുന്നത് 2002-03-ൽ ഹെക്ടറിന് 2218 കി. ഗ്രാം ആയി വർദ്ധിച്ചിട്ടുണ്ട്. ഉൽപാദനം വർദ്ധിക്കാത്തതിന് പ്രധാന കാരണം നെൽകൃഷിയുടെ വിസ്തൃതിയിൽ ഉണ്ടായിട്ടുള്ള കുറവുമൂലമാണ്.

(സി) 2003-04 വർഷത്തിൽ നെൽകൃഷി ചെയ്തിരുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം 287340 ഹെക്ടറും ഉല്പാദനം 570045 മെട്രിക് ടണ്ണും ഉല്പാദന ക്ഷമത 1984 കി/ഹെക്ടറുമാണ്. 2004-05 വർഷത്തിലെ കണക്ക് ലഭ്യമല്ല.

ചെറുകിട നാമമാത്ര നെൽക്കൃഷിക്കാരുടെ ക്ഷേമം

110 [2008] ശ്രീ. ഡി. സുഗതൻ :
,, ലൂഡി ലൂയിസ് :
,, എം. എ. ചന്ദ്രശേഖരൻ :
,, കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെറുകിട നാമമാത്ര നെൽക്കൃഷിക്കാർ സംസ്ഥാനത്ത് എത്രയുണ്ട് ;

(ബി) ഇവരുടെ ക്ഷേമത്തിന് എന്തെല്ലാം നടപടികൾ എടുക്കാനുദ്ദേശിക്കുന്നു ;

(സി) വാണിജ്യ വിളകൾ കൃഷിചെയ്യുന്ന എത്ര ചെറുകിട നാമമാത്ര കർഷകരുണ്ട് ;

(ഡി) ഇവരുടെ ക്ഷേമത്തിനുവേണ്ടി എന്തെല്ലാം നടപടികളെടുക്കാനുദ്ദേശിക്കുന്നു ?

ഉത്തരം

(എ) ഇവരുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടില്ല. എന്നാൽ ചെറുകിട നാമമാത്ര കൃഷിയിടങ്ങളുടെ എണ്ണം 61.80 ലക്ഷമാണെന്നാണ് സെൻസസ് കണക്കുകൾ കാണിക്കുന്നത്.

(ബി) ഇവരുടെ ക്ഷേമത്തിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നു. അവയിൽ പ്രധാനപ്പെട്ടവ താഴെപ്പറയുന്നു.

(1) സംസ്ഥാനാവിഷ്കൃത നെൽകൃഷി വികസന പദ്ധതി പ്രകാരം 2004-2005 വർഷത്തിൽ 1080 ലക്ഷം രൂപയ്ക്കും കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം 800 ലക്ഷം രൂപയ്ക്കും ഉള്ള പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(2) ഗ്രൂപ്പ് ഫാമിംഗ് പദ്ധതി പ്രകാരം ഹെക്ടറിന് 1000 രൂപ നിരക്കിൽ സബ്സിഡി നൽകുന്നു.

(3) നെൽകൃഷി വികസന ഏജൻസികൾ വഴി പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യവികസനത്തിനായി 50 ലക്ഷം രൂപ ചെലവഴിക്കുന്നതാണ്. ഇതിനും പുറമേ നബാർഡ് സഹായത്തിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ മിക്കവാറും എല്ലാ നെൽ വികസന ഏജൻസികളിലും സമഗ്ര അടിസ്ഥാന സൗകര്യത്തിന് ജോലികൾ നടന്നുവരുന്നു.

(4) കർഷകർക്ക് ആവശ്യമുള്ള സർട്ടിഫൈഡ് വിത്ത് ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിന് വിത്തു വികസന അതോറിറ്റിക്ക് 27 ലക്ഷം രൂപ റിവോൾവിംഗ് ഫണ്ടായി അനുവദിച്ചിട്ടുണ്ട്.

(5) വിത്തു പരിശോധനാ ലാബുകളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിനായി 3 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(6) നെൽകൃഷിക്ക് പൂർണ്ണമായും വൈദ്യുതി സൗജന്യം അനുവദിക്കുന്നുണ്ട്.

(7) ഒരു സീസണിൽ ഹെക്ടറിന് 350 രൂപ നിരക്കിൽ ഉൽപ്പാദന ബോണസ് നൽകുന്നു. പ്രസ്തുത പദ്ധതിക്കായി 1061.80 ലക്ഷം രൂപ ചെലവഴിക്കുന്നതാണ്.

(8) രജിസ്ട്രേഡ് വിത്തുൽപ്പാദന പദ്ധതിപ്രകാരം 140 ലക്ഷം രൂപ സബ്സിഡിയായി നൽകുന്നു.

(9) പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യവികസനത്തിനായി 343 ലക്ഷം രൂപ ചെലവഴിക്കുന്നതാണ്.

(10) സംയോജിത വളപ്രയോഗ പദ്ധതി പ്രകാരം 22.5 ലക്ഷം രൂപയും സംയോജിത കീടനിയന്ത്രണ പദ്ധതിപ്രകാരം 37.68 ലക്ഷം രൂപയും ചെലവഴിക്കുന്നതാണ്.

(11) കൊയ്ത്തുകാലത്ത് സർക്കാർ വിപണിയിലിടപെട്ട് കർഷകർക്ക് അവർ ഉൽപ്പാദിപ്പിക്കുന്ന നെല്ലിന് ന്യായവില ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുന്നു.

(12) വിളനാശം സംഭവിച്ച കർഷകർക്ക് സൗജന്യമായി വിത്ത്, കുമ്മായം എന്നിവ നൽകിയിട്ടുണ്ട്.

(13) വിളനാശം നേരിട്ട കർഷകർക്കുള്ള നഷ്ടപരിഹാര തുക ഇരട്ടിയാക്കിയിട്ടുണ്ട്.

(14) വിവര സാങ്കേതിക വിദ്യയുടെയും ജൈവ സാങ്കേതിക വിദ്യയുടെയും അനന്തസാധ്യതകൾ ഉപയോഗപ്പെടുത്തി നെൽകൃഷി ഉൾപ്പെടെ സംസ്ഥാനത്തെ കാർഷിക മേഖല നവീകരിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

(15) കുട്ടനാടിന്റെ സമഗ്ര വികസനം ലക്ഷ്യമിട്ടുകൊണ്ട് ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിൽപ്പെട്ട 33000 ഹെക്ടർ വരുന്ന പാടശേഖരങ്ങളുടെ വികസനത്തിനായി നബാർഡിന്റെ ധനസഹായത്തോടെ ഒരു ബൃഹദ്പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

(സി, ഡി) വാണിജ്യവിളകളായ തെങ്ങ്, കുരുമുളക് ഇഞ്ചി, മഞ്ഞൾ, കശുമാവ് എന്നീ കൃഷികൾ ചെയ്യുന്ന നാമമാത്രകർഷകരുടെ വിവരവും അവരുടെ ക്ഷേമത്തിനായി ചെയ്യുന്ന പദ്ധതികളുടെ വിശദവിവരങ്ങളും അനുബന്ധമായി ചേർത്തിട്ടുണ്ട്.†

ചോദ്യം നമ്പർ (2009)-ന്റെ ഉത്തരം എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമാക്കിയിട്ടില്ല.

† അനുബന്ധം VIII

2/2316/2012/DTP.

LIBRARY ARCHIVES Kerala Legislative Assembly